# ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2022

## സപ്ലിമെന്ററി അലോട്ട്മെന്റിൽ പുതിയ രജിസ്ട്രേഷൻ ഓപ്ഷൻ നൽകുന്നതിനും ഓൺലൈൻ അപേക്ഷയിൽ തിരുത്തലിനും അവസരം

### നിർദ്ദേശങ്ങൾ

- നിലവിൽ രജിസ്ട്രേഷൻ ചെയ്യാത്ത എല്ലാ വിദ്യാർത്ഥികൾക്കും ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് 12.09.2022 വരെ പുതിയ രജിസ്ട്രേഷൻ നടത്താവുന്നതാണ്.
- നിലവിൽ രജിസ്ട്രേഷനുള്ള, എല്ലാവർക്കും പുതിയ ഓപ്ഷനുകൾ ചേർക്കൽ, റിവാല്യൂവേഷൻ/ ഗ്രേസ് മാർക്ക്, കാറ്റഗറി മാറ്റം തുടങ്ങി എല്ലാ തിരുത്തലുകൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.
- നിലവിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് അക്കാദമിക് വിവരങ്ങളിൽ മാത്രമേ (മാർക്കിലെ തിരുത്തലുകൾ ഉൾപ്പടെ) മാറ്റങ്ങൾ വരുത്താൻ സാധിക്കുകയുള്ളൂ.
- മുൻ അലോട്ട്മെന്റുകളിൽ ഫീസ് ഒടുക്കാതെ അലോട്ട്മെന്റ് റദ്ദായ അപേക്ഷകരും, ഫീസ് അടച്ചിട്ടും കോളേജിൽ പ്രവേശനം നേടാൻ സാധിക്കാത്ത വിദ്യാർത്ഥികളും ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം 'Reconsider' എന്ന ടാബ് (Tab) ൽ ക്ലിക്ക് ചെയ്ത ശേഷം പുതിയതായി ഓപ്ഷനുകൾ നൽകേണ്ടതാണ്.
- നിലവിൽ ഒന്നും രണ്ടും ഘട്ട അലോട്ട്മെന്റ് ലഭിച്ചിട്ടും അഡ്മിഷൻ എടുക്കാതെ അലോട്ട്മെന്റ് പ്രക്രിയയിൽ നിന്ന് പുറത്തായവർ മുൻ അലോട്ട്മെന്റുകളിൽ നൽകിയ ഓപ്ഷനുകൾ ഒന്നും തന്നെ ഈ അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല. പ്രസ്തുത വിദ്യാർത്ഥികൾ സപ്ലിമെന്ററി അലോട്ട്മെന്റിൽ പരിഗണിക്കപ്പെടുന്നതിലേക്കായി പുതിയതായി ഓപ്ഷനുകൾ നൽകേണ്ടതാണ്.
- നിലവിൽ പെർമെന്റ് അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾ പുതിയ ഓപ്ഷനുകൾ നൽകിയില്ലെങ്കിൽ / ഹയർ ഓപ്ഷനുകൾ ക്യാൻസൽ ചെയ്തില്ലെങ്കിൽ അവരുടെ നിലവിലെ ഹയർ ഓപ്ഷനുകൾ സപ്ലിമെന്ററി അലോട്ട്മെന്റിൽ പരിഗണിക്കുന്നതാണ്.
- പ്രൊഫൈൽ തിരുത്തൽ, വീണ്ടും പരിഗണിക്കൽ (Reconsider) എന്നിവ വശ്യമുള്ള എല്ലാ വിദ്യാർത്ഥികളും (സർവകലാശാലയിൽ അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികളും) ടി തീയതിക്കുള്ളിൽ തന്നെ സ്വയമായി പ്രസ്തുത മാറ്റങ്ങൾ വരുത്തേണ്ടതാണ്.
- തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.